ഉത്തരം

(എ) 27-2-1983-ൽ.

(ബി) ഉണ്ട്. പുതുക്കിപ്പണിയുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുക വ്യക്തമാക്കാനാകില്ല.

കൊയിലാണ്ടി നഗരസഭയുടെ പൊതുവികസന പദ്ധതികൾ

77 (7374) ശ്രീ. കെ ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നഗസഭയിൽ നിന്ന് പൊതുവികസനവുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയുടെയും വിശദാംശം വ്യക്തമാക്കുമോ ; പദ്ധതിയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നഗരസഭ പൊതു വികസനത്തിനായി എടുത്തിട്ടുള്ള പ്രധാനപ്പെട്ട പ്രമേയങ്ങൾ എന്തെല്ലാം ; പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭയിൽനിന്ന് പദ്ധതികൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

(ബി) നാല് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ

78 (7375) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചിത്വമിഷന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഖരമാലിന്യ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് 2013-14-ൽ ശുചിത്വമിഷൻ ലക്ഷ്യമിട്ടിരുന്നുവോ എന്നറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly